# വികസനം എന്നാൽ നിലനിൽപ്പ് എന്നാകണം

എസ്. ഉഷ

**1.** വികസനം എന്ന വാക്കിനെ 'നിലനിൽപ്പ്' എന്ന വാക്കുമായി ചേർത്തു കാണുക എന്നതാണ് ഇന്നേറ്റവും പ്രധാനം. അത് ഇന്നത്തെ സാമ്പത്തിക ചിന്തകളുടെ നേരെ എതിർ സമീപനമാണ്. മനുഷ്യനെ വ്യക്തി എന്ന് കാണുന്നതിനുമപ്പുറം ഒരു സമൂഹത്തിന്റെ, പ്രദേശത്തിന്റെ ഭാഗമായി കണ്ടുകൊണ്ട്, അവരുടെ കഴിവുകൾ ഒരുമിച്ചുള്ള നിലനിൽപ്പിനു വേണ്ടി വളർത്തലാണ് വികസനം. ഇന്ന് മനുഷ്യൻ പണമുണ്ടാക്കാൻ വിധിക്കപ്പെട്ട ഒരു വർഗ്ഗമായി മാറ്റപ്പെട്ടിരിക്കുകയാണ്. ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടവർ. സമാധാനമായി, സൗന്ദര്യപൂർണമായി, സ്നേഹപൂർണമായി ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടവർ. ഇതിനെ തിരിച്ചറിയുകയെന്നതുതന്നെ ഇന്നേറ്റവും ബുദ്ധിമുട്ടായിരിക്കുന്നു. സാങ്കേതികവിദ്യകൾ തീർത്ത മാസ്മരിക ലോകത്തു നിന്നും മണ്ണിലേക്കും സമൂഹത്തിലേക്കും മനുഷ്യനെ തിരികെയെത്തിക്കുക എന്നതാണ് ഇന്നിന്റെ വികസനം. ദേശീയപാതക്ക് സ്ഥലം വിട്ടു കൊടുക്കാൻ തയ്യാറാണെന്ന് വീടിനു മുൻപിൽ ബാനറെഴുതി വയ്ക്കുന്നത് അസംബന്ധമാണെന്ന തിരിച്ചറിയലാണ് ഇന്നത്തെ യഥാർത്ഥ വികസനം.

**2.** ഇതിന് രണ്ടു തരത്തിലുള്ള സമീപനങ്ങൾ ആവശ്യമാണ്. അതിലൊന്ന് വിഭവങ്ങൾ പരിമിതമാണെന്ന തിരിച്ചറിവ് താഴെത്തട്ടിൽ തന്നെ ഉണ്ടാക്കുകയെന്നതാണ്. എഴുപതുകളിലും എൺപതുകളിലും സജീവമായി ചർച്ച ചെയ്തിരുന്ന ഈ അടിസ്ഥാന വിഷയം ആഗോളവൽക്കരണത്തിന്റെ കാലത്ത് അപ്രത്യക്ഷമായി. ഇത് അശാസ്ത്രീയമാണെന്നു വരെ സ്ഥാപിക്കാൻ കോർപ്പറേറ്റ് ലോബികൾക്ക് സാധിച്ചു. വീണ്ടും ആരംഭിക്കേണ്ട ഒരു ചർച്ചയും നയവുമാണിത്. പ്രാദേശികമായും, യുവാക്കളുടെ ഇടയിൽ പ്രത്യേകിച്ചും ഈ ആശയം വളരണം. വിഭവദാരിദ്ര്യത്തെ മറികടക്കാനുള്ള തന്ത്രങ്ങളും നയങ്ങളും പ്രാദേശികമായും ആഗോളതലത്തിലും ഉണ്ടാകണം. വിഭവങ്ങളുടെ ചൂഷണത്തിലൂടെയല്ല, പുനഃചംക്രമണത്തിലൂടെയും പുനരുജ്ജീവനത്തിലൂടെയും പങ്കിടലിലൂടെയുമാണ് നമുക്ക് വളരാനും നിലനിൽക്കാനും കഴിയുകയെന്ന ബോധം സൃഷ്ടിക്കപ്പെടണം.

**3.** തീർച്ചയായും. ഇത് വികസനത്തിന്റെ അടിസ്ഥാനം തന്നെയാണ്.

**4.** സാമൂഹ്യവികാസത്തിന്റെ കണങ്ങൾ, ചേരുവകൾ ഇന്നും കേരളത്തിലുണ്ട്. എന്നാലിന്നത്തെ രാഷ്ട്രീയ മതാധികാര ചർച്ചകളുടെ ശബ്ദഘോഷത്തിനിടയിൽ അവ പുറമേക്കധികം കാണപ്പെടുന്നില്ല. പെട്ടെന്നൊരു വലിയ മാറ്റം അതിനാൽ പ്രതീക്ഷിക്കാൻ കഴിയില്ല. നിലനിൽപ്പുമായി ബന്ധപ്പെട്ട, വിഭവപരിമിതികളെക്കുറിച്ച് ആഴത്തിലുള്ള ചർച്ചകൾക്കും പ്രവർത്തനങ്ങൾക്കും മാത്രമേ സാമൂഹ്യവികാസവും ഉറപ്പാക്കാനാകൂ.

**5.** പ്രതിരോധം തീർക്കുന്നതിൽ വലിയൊരു പങ്ക് വഹിച്ചിട്ടുള്ളത് സിവിൽ സമൂഹം തന്നെയാണ്. കുറേക്കൂടെ സർഗാത്മകമായും പ്രൊഫഷണലായും ഉള്ള ഇടപെടലുകൾ ഇക്കാലത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു. നഗരചായ ഏറിക്കൊണ്ടിരിക്കുന്ന കേരളത്തിൽ ഇത് അത്യാവശ്യമാണ്.

**(പരിസ്ഥിതി പ്രവർത്തക, ഡയറക്ടർ, 'തണൽ')**

# മരുന്നുപയോഗത്തിൽ മുന്നിലാകുന്നത് വികസനമല്ല

കളം രാജൻ

**1.** നമ്മുടെ ഭരണാധികാരികൾ സാമ്പത്തികലാഭത്തെയും സമ്പത്തിന്റെ വളർച്ചയെയും മാത്രമാണ് വികസനമായി കാണുന്നത്. മനുഷ്യന് ആരോഗ്യകരമായ- മാനസികവും ശാരീരികവും സാമൂഹ്യവുമായ-അന്തരീക്ഷം സൃഷ്ടിക്കലാണ് വികസനം. ശുദ്ധമായ വായു, വെള്ളം, ആരോഗ്യദായകമായ ഭക്ഷണം, പരിസരം, ആവശ്യമായ ആരോഗ്യസേവനങ്ങൾ, പാർപ്പിടം, വസ്ത്രം എന്നിവ മരണം വരെ ഉറപ്പാക്കലാണ് യഥാർത്ഥ വികസനം.

**2.** ധൂർത്തിന്റെ ഭാഗമായി വിഭവങ്ങൾ പ്രബല ന്യൂനപക്ഷം കൈവശപ്പെടുത്തുന്നു എന്നത് നേരാണ്. ജനാധിപത്യമായിട്ടുപോലും വ്യവസായ താത്പര്യങ്ങളാണ് ഏതുതലത്തിലും സംരക്ഷിപ്പെടുക. ഏറെ കൊട്ടിഘോഷിച്ച് എത്തിയ തദ്ദേശീയ സ്ഥാപനങ്ങൾ പോലും അവിടുത്തെ വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾക്കാണ് മുൻഗണന നൽകുക.

**3.** സാമ്പത്തിക വളർച്ച മാത്രം കാണുന്നവർക്ക് മനുഷ്യൻ, ഒരു ഉൽപന്നം മാത്രമായി ചുരുങ്ങുകയാണ്. സമ്പത്തിൽ കേന്ദ്രീകൃതമായ വികസനം അസമത്വം കൂട്ടുമെന്നുറപ്പാണ്. സ്നേഹവും വിശ്വാസവും വളർത്തുന്ന ഒരു വികസന സംസ്കാരം മാത്രമേ ലിംഗനീതി ഉറപ്പാക്കൂ.

**4.** കുറഞ്ഞ ശിശുമരണനിരക്കും കൂടിയ ജീവിതദൈർഘ്യവുമാണ് കേരളമാതൃകയായി നാം കൊണ്ടാടുന്നത്. (ഈ അളവുകോലും സാമ്പത്തിക വികസനവാദികളുടേതാണ്.) ഇതുകൂടാതെ കേരള മാതൃകയിൽ മറ്റു ചിലത് കൂടിയുണ്ടായി. രോഗാതുരത കൂടിയ കേരളം, ചികിത്സാച്ചെലവു താങ്ങാനാവാതെ കടക്കെണിയിലായി തകരുന്ന കേരളം. മരുന്നുപയോഗത്തിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം എന്നത് ആശാവഹമല്ലല്ലോ. സാമ്പത്തിക വികസനവാദികൾക്ക് ഇതു മാതൃകയാണ്. കാരണം കോടികളുടെ ക്രയവിക്രയവും നികുതിയും കൈമാറുന്ന ഇന്ത്യയിലെ മികച്ച ബിസിനസ്സ് ആസ്ഥാനമാണ് കേരളം.

**5.** പ്രതിരോധസംഘങ്ങളുടെയും ചെറുഗ്രൂപ്പുകളുടേയും മുൻകൈയ്യിൽ ബദലുകൾ പലയിടത്തും വിജയകരമായി നടക്കുന്നുണ്ട്. രാഷ്ട്രമെന്ന നിലയിൽ സാമ്പത്തിക വളർച്ചയല്ല, ആളോഹരി സന്തോഷമാണ് വികസന അളവുകോൽ എന്നു പ്രഖ്യാപിച്ച ഭൂട്ടാനും ഒരു മാതൃകയാണ്.

**(ആരോഗ്യ-വിവരാവകാശ പ്രവർത്തകൻ)**